# താന്ത്രിക് ചിത്രകലയുടെ ദാർശനികതലം

**ഡോ. താര എസ്.എസ്**
സംസ്കൃത സർവ്വകലാശാല, പന്മന കാമ്പസ്.

ആർഷഭാരതത്തിന് അതിബൃഹത്തായ ഒരു ദാർശനികപാരമ്പര്യമുണ്ട്. വൈദികമതവുമായി ബന്ധപ്പെട്ടു രൂപംകൊണ്ട ഈ ദാർശനിക ചിന്തകൾ സാഹിത്യാദികലകളുമായി അഭേദ്യമായിബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ കലയും ദർശനങ്ങളും രൂപപ്പെടുന്നത് അവൻ നിലനിൽക്കുന്ന സമൂഹത്തിന്റെ സാഹചര്യത്തിനനുഗുണമായാണ്. ചരിത്രത്തിലൂടെയുള്ള മനുഷ്യന്റെ ഭൗതികവും ആത്മീയവും സൗന്ദര്യപരവുമായുള്ള അന്വേഷണങ്ങൾ ശാസ്ത്രീയമായും ദർശനമായും കലയുമായൊക്കെ പരിണമിക്കുന്നു. അതുകൊണ്ടുതന്നെ വേർതിരിച്ചെടുക്കാനാവാത്ത വിധത്തിൽ മനുഷ്യനിർമ്മിതികളായ കലയും അവന്റെ ചിന്തകളിൽ ഉത്പന്നമാകുന്ന തത്ത്വവിചാരങ്ങളും ഇഴ ചേർന്നിരിക്കുന്നു. ഓരോ കാലഘട്ടത്തിലും നവീനമായ ചിന്താധാരകളാൽ സാഹിത്യവും ചിത്രകലയും ഉൾപ്പെടെയുള്ള കാലാരൂപങ്ങൾ സമ്പന്നമാകുകയും ചെയ്യുന്നു. ഭാരതീയ തത്വചിന്തയുടെ ഭാഗമായ താന്ത്രികദർശനവും അവയെ ആവിഷ്കരിക്കുന്ന താന്ത്രികചിത്രകലയെയും നിരീക്ഷണ വിധേയമാക്കുകയാണിവിടെ.

ബി.സി.എട്ടാം ശതകത്തോടെയാണ് ദാർശനികത സൈദ്ധാന്തിക തലത്തിൽ വികാസം പ്രാപിച്ചതെന്ന് കരുതപ്പെടുന്നു. കർമ്മത്തിന്റെയും മോക്ഷത്തിന്റെയും ഫലപ്രാപ്തിയെക്കുറിച്ചുള്ള സങ്കീർണ്ണമായ നിർവചനങ്ങൾ ഉടലെടുത്തു. മോക്ഷം പരമലക്ഷ്യമായ മനുഷ്യജന്മത്തിന് മതവിശ്വാസംകൊണ്ടോ വൈദികപ്രവൃത്തികൊണ്ടോ മോക്ഷപ്രാപ്തി ലഭ്യമാകില്ലെന്നുവന്നു. ആത്മീയജ്ഞാനത്തിന്റെ അലൗകികാനുഭവം കൊണ്ടുമാത്രമേ മോക്ഷപ്രാപ്തി സാധിക്കുകയുള്ളൂ എന്ന വിശ്വാസം സ്വന്തം സത്തയെ കണ്ടെത്തുവാനും തിരിച്ചറിയുവാനുള്ള ശ്രമങ്ങൾക്ക്

തുടക്കംകുറിച്ചു. ഉപനിഷത്തുകളിലും ബുദ്ധ-ജൈനമതങ്ങളിലും ആത്മാന്വേഷണത്തിന്റെ പുതിയ ചിന്താധാരകൾ സംജാതമായി. വേദാന്തം എന്ന താത്ത്വിക വിചാരശാഖയിൽ ഈ അന്വേഷണം ശക്തി പ്രാപിച്ചു. കല ആത്മീയാന്വേഷണത്തിന്റെ ഭാഗമായി കാണാനോ മാതൃകയായി കാണാനോ അന്ന് ശ്രമിച്ചിരുന്നില്ല. 'എല്ലാ ദാർശനിക തത്ത്വങ്ങളുടെയും വ്യക്തതയും അവിതർക്കിതവുമായ പ്രവണത കലയിലെ ഇന്ദ്രിയ ഗോചരമായ വിഷയങ്ങളെ ആനന്ദത്തിനുള്ള ഉപാധികളായി കാണാനായിരുന്നു. വാസ്തവത്തിൽ അന്നത്തെ കലകളിലെ പ്രതിപാദ്യങ്ങൾ ലോകത്തിൽ നിന്ന് മുഖം തിരിച്ചിരിക്കുന്നവരുടെ സംതൃപ്തി പിടിച്ചെടുക്കുവാൻ പറ്റിയതായിരുന്നില്ല. വളരെ കാലത്തിനു ശേഷം മാത്രമാണ് ആത്മീയചിന്തകളുടെ ബോധപൂർവ്വമായ ആവിഷ്കരണം ശില്പാദികലകളിലൂടെ നടന്നത്. സാഹിത്യകൃതികളിൽ ആത്മീയഭാവത്തെ വേർതിരിച്ച് കാണുന്നത് അതിനുശേഷമാണ്. (ആനന്ദ.കെ.കുമരസ്വാമി, ഭാരതീയ കലയ്ക്കൊരാമുഖം, വിവ. ഡോ. ശ്രീദേവി. കെ.നായർ)

**ആത്മീയാന്വേഷണങ്ങൾക്കുമേൽ ഹൈന്ദവമതത്തിന്റെ ആധിപത്യം**

ശൈവ-വൈഷ്ണവ ആരാധനയും പൂജയും തന്ത്രവിദ്യയും ആത്മീയതയുടെ ഭാഗമായി വന്നു. ശിവശക്തി സംയോഗവും താന്ത്രികവിധികളും ജ്യാമിതീയരൂപങ്ങളിൽ ഗണിക്കപ്പെട്ടു. തന്ത്രശാസ്ത്രം ഹിന്ദുമതത്തിന്റെ അവിഭാജ്യഘടകമായി മാറി. വ്യാപിക്കുക എന്നർത്ഥമുള്ള 'തൻ' ധാതുവിൽ നിന്നാണ് തന്ത്ര ശബ്ദം ഉണ്ടായിട്ടുള്ളത്. 'തന്യതേ, വിസ്താര്യതേ, ജ്ഞാനം അനേന ഇതിതന്ത്രം' എന്നാണ് തന്ത്രശബ്ദത്തിന്റെ നിർവ്വചനം. ആത്മീയന്വേഷണത്തിനും ആരാധനയ്ക്കും തന്ത്രങ്ങളും മന്ത്രങ്ങളും അടിസ്ഥാനമായി വർത്തിച്ചു. പിൽക്കാലത്ത് ദാർശനികമായ ചിന്തകൾ കലയിൽ ആവിഷ്ക്കരിക്കുവാൻ ആധുനിക കലാകാരന്മാർ തന്ത്രവിദ്യയേയും മന്ത്രങ്ങളേയും മാധ്യമമായി സ്വീകരിച്ചു.

ആധുനിക ജീവിതത്തിന്റെ പ്രതിരൂപമായാണ് ആധുനികകലയെ നാം നോക്കിക്കാണുന്നത്. വ്യവസായവത്കരണത്തിന്റെയും അതിന്റെ സാമൂഹ്യപ്രതികരണമായ നഗരവത്കരണത്തിന്റെയും ഫലമായി അപമാനവീകൃതവും അന്യവത്കൃതവുമായ ജീവിതത്തിന്റെ ആവിഷ്കാരമായിത്തീർന്നു ആധുനികകല. അന്യതാബോധവും തിരസ്കാരവും പ്രാന്തവത്കരിക്കപ്പെട്ട വ്യക്തിത്വങ്ങളായി മാറ്റി ഓരോ മനുഷ്യനേയും. ആധുനിക കലാകാരന്റെ ഈ ബോധമാണ് അവനെ അസ്തിത്വദർശനത്തിലെത്തിച്ചത്. ജീവിതത്തിന്റെ ഈ അസംബന്ധത (Absurdity) കലയിലും പ്രതിഫലിച്ചു. യാഥാർത്ഥ്യത്തെ കലയിൽ ആവിഷ്കരിക്കുന്ന

റിയലിസത്തെ നിഷേധിച്ചുകൊണ്ട് സൃഷ്ടിക്കപ്പെട്ട പുതിയ സംവേദന ശീലമായിരുന്ന ആധുനികകലാകാരന്മാരുടേത്. കലാസൃഷ്ടിയിലൂടെ കലാകാരൻ ഉത്പാദിപ്പിക്കുന്നത് കാഴ്ചയുടെയും കേൾവിയുടെയും അനുഭവത്തിന്റെയും പുതിയ രീതികളാണെന്നും ഇത് തുറന്നു തരുന്നത് സൗന്ദര്യബോധത്തിന്റെ പുതുപുത്തൻ കാഴ്ചകളാണെന്നും ആധുനികർ തെളിയിച്ചു. സാഹിത്യത്തിലെന്നപോലെ ചിത്രകലയിലും ആധുനികർ കണ്ടെത്തിയ സവിശേഷമായ ചിന്താപദ്ധതിയാണ് താന്ത്രിക് ചിത്രകല. സ്വത്വാന്വേഷികളായ ആധുനിക കലാകാരന്മാർ ബാഹ്യലോകത്ത് നിന്ന് തന്റെ അന്വേഷണത്തെ ആന്തരികമായ ഒരനുഭവമാക്കി ആവാഹിക്കാനുള്ള ശ്രമമാണ് ഈ ചിത്രങ്ങൾ. ശാക്തേയോപാസനയുടെയും പ്രാചീന താന്ത്രികാചാരങ്ങളിൽ നിന്നും കണ്ടെത്തിയ ജ്യാമിതീയ രൂപങ്ങളുടെയും താന്ത്രികസാഹിത്യത്തിന്റെയും സവിശേഷമായ സമന്വയമാണ് താന്ത്രിക ചിത്രകലയിലുള്ളത്.

ശിവശക്തി സംയോഗത്തിലൂടെ സംഭവിക്കുന്ന പ്രപഞ്ചസൃഷ്ടിയും ഓരോ മനുഷ്യനും കൈവരിക്കേണ്ട പരമമായ മോക്ഷത്തെക്കുറിച്ചുള്ള സങ്കല്പവും താന്ത്രികമതത്തിന്റെ തത്ത്വശാസ്ത്രത്തിൽ പ്രധാനമാണ്. താന്ത്രികതയുടെ ഈ സവിശേഷ രൂപത്തെ പുതിയ സംവേദനതലത്തിലേക്കുയർത്തുകയാണ് നിയോ-താന്ത്രിക് ചിത്രകലയിലൂടെ. ഇതിനവർ കൂടുതലായി ആശ്രയിച്ചത് തന്ത്രസാരം, സൗന്ദര്യലഹരി തുടങ്ങിയ കൃതികളെയാണ്.

സ്ത്രീ പുരുഷന്മാരെ ശിവശക്തിമാരായികണ്ടുകൊണ്ട് ശിവശക്തി സംയോഗങ്ങളെ പരമമായ മോക്ഷപ്രാപ്തിക്കുതകുംവിധം പ്രയോഗിക്കുകയാണ് താന്ത്രികദർശനത്തിൽ. ജ്യാമിതീയബിംബങ്ങൾക്കുപുറമേ ധാരാളം പ്രതീകങ്ങളും ചിത്രങ്ങളിൽ ഉപയോഗിക്കുന്നു. ഉദാഹരണമായി സർപ്പരൂപം. താന്ത്രികാരാധനയിൽ സവിശേഷസ്ഥാനമാണ് സർപ്പത്തിനുള്ളത്. കുണ്ഡലിനീ ശക്തിയുടെ പ്രതീകമായി സർപ്പത്തെ ആവിഷ്കരിക്കുന്നുണ്ട്. ആധുനിക താന്ത്രിക് ചിത്രങ്ങളിൽ സർപ്പബിംബങ്ങളെ ധാരാളമായി ഉപയോഗിച്ചിരിക്കുന്നു. കെ.സി.എസ്. പണിക്കരുടെ 'വാക്കുകളും പ്രതീകങ്ങളും' എന്ന പരമ്പരയിൽ ഇതുകാണാം. ത്രികോണം, വൃത്തം, ചതുരം, രേഖ ഇവയെല്ലാം താന്ത്രികകലയിൽ സൂചകങ്ങളായി ഉപയോഗിച്ചുകൊണ്ട് താന്ത്രികദർശനത്തെ സൗന്ദര്യപരമായി പുനഃസൃഷ്ടിക്കുന്നു. ഈ ചിത്രങ്ങളുടെ അനുഭവതലം ധ്യാനാത്മകമായോ മന്ത്രോച്ചാരണം പോലെയോ അനുഭവവേദ്യമാകുന്നു. ശിവശക്തി സംയോഗവും ഉർവ്വരതാ സങ്കല്പവുമൊക്കെ താന്ത്രിക് ചിത്രങ്ങളിലെ ദൃശ്യപാഠങ്ങളാണ്.

പലതരത്തിലുള്ള ഉർവ്വരതാ ചിഹ്നങ്ങൾ ഉപയോഗിച്ച് ഈ സങ്കല്പത്തെ സാധൂകരിക്കുന്നു. ബിന്ദു, ത്രികോണം തുടങ്ങിയവ ഉദാഹരണമാണ്. ഇവയെ ഒരേസമയം പുരുഷശക്തിയായും സ്ത്രീശക്തിയായും ആവിഷ്കരിക്കുന്നു. താന്ത്രികമതത്തിന്റെ ഇത്തരം ചിഹ്നങ്ങളെയെല്ലാം ചിത്രകാരന്മാർ സ്വീകരിക്കുന്നുണ്ട്. ശ്രീചക്രത്തിലെ ഓരോ സ്ഥാനങ്ങളേയും പ്രതിനിധീകരിക്കുന്ന ആശയങ്ങളും വർണ്ണങ്ങളും ജ്യാമിതീയ രൂപങ്ങളും ചിത്രകാരന്മാർ പുനഃസൃഷ്ടിക്കുന്നു. ശങ്കരാചാര്യരുടെ സൗന്ദര്യലഹരിയിലെ പല ശ്ലോകങ്ങളും ചിത്രനിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. നാടോടി സംസ്കാരത്തിന്റെ ഭാഗമായി കളമെഴുത്തിലും നാഗക്കളത്തിലും ആചാരാനുഷ്ഠാനമായി അനുവർത്തിച്ചുപോരുന്ന പല ചിത്രരേഖന സമ്പ്രദായങ്ങളും താന്ത്രികചിത്രങ്ങളെ സ്വാധീനിക്കുന്നുണ്ട്. ബിംബങ്ങളെ സ്വീകരിക്കുന്നതുപോലെതന്നെ പ്രധാനമാണ് വർണ്ണസങ്കല്പവും. താന്ത്രികാചാര്യനായ ഒരാൾക്ക് കുണ്ഡലിനിയുടെ ഉയർച്ചയ്ക്കനുസരിച്ച് പലതരം ദൃശ്യാനുഭവങ്ങൾ ഉണ്ടാകാം. പലതരം വർണ്ണങ്ങളാവും അവർക്കപ്പോൾ അനുഭവിക്കാനാവുക.

സാധാരണ വർണ്ണങ്ങളെ ഉപേക്ഷിച്ച് മാനസികഭാവത്തെ പ്രതിനിധീകരിക്കുന്ന വർണ്ണങ്ങൾ ചിത്രകാരൻ ഉപയോഗിക്കുന്നു. താന്ത്രിക മതത്തിൽ പഞ്ചഭൂതങ്ങൾക്ക് ഇപ്രകാരമുള്ള നിറങ്ങൾ കല്പിച്ചിരിക്കുന്നു. അഗ്നി-ചുമപ്പ്, ആകാശം-പച്ച, ഭൂമി-മഞ്ഞ, വായു-നീല, ജലം-വെളുപ്പ് എന്നിങ്ങനെ. താന്ത്രികാരാധനയിൽ കാളിയെ കറുപ്പ് നിറം കൊണ്ടാണ് സൂചിപ്പിക്കുന്നത്. കറുപ്പ് മൃത്യുസൂചകവുമാണ്. ഇരുട്ടും വെളിച്ചവും മാറിമാറി പ്രയോഗിക്കുന്നു. മാത്രവുമല്ല ചിത്രങ്ങൾക്ക് യന്ത്രങ്ങളുടെ പേർ തന്നെ നൽകുവാനും ചിത്രകാരന്മാർ ശ്രമിച്ചു. ബീജയന്ത്രം, ബ്രഹ്മസൂത്രം, സുദർശനയന്ത്രം എന്നിങ്ങനെ. ഓരോ ചിഹ്നത്തിനും അവ പ്രതിനിധാനം ചെയ്യുന്ന ദാർശനികമായ ചിന്താപദ്ധതികളുണ്ട്. ഇവ ചിരപരിചിതമായ രൂപവ്യവസ്ഥയോടും യാഥാർത്ഥ്യവത്കരണത്തോടുമുള്ള പ്രതിഷേധമായാണ് ചിത്രകലയിൽ പ്രത്യക്ഷപ്പെടുന്നത്. ആധുനിക ഭാരതീയ ചിത്രകാരന്മാരായ കെ.വി.ഹരിദാസൻ, ജയപാലപ്പണിക്കർ, എസ്.എച്ച്.



Brahmasutra, K.V. Haridas, oil on canvas

റാസ, ബിരാൻ, ഡോ.ജി. ആർ. സന്തോഷ് തുടങ്ങി ധാരാളം കലാകാരന്മാർ താന്ത്രിക് ചിത്രസങ്കേതം ഉപയോഗിച്ച് രചനകൾ നടത്തുന്നവരാണ്. പൗരാണിക ഭാരതീയദർശനങ്ങളെ ആധുനിക ജീവിതത്തിന്റെ സംഘർഷങ്ങളും സങ്കീർണ്ണതകളും ആവിഷ്കരിക്കാനുപയോഗിക്കുന്ന മാധ്യമമായി സ്വീകരിക്കുകയാണ് താന്ത്രിക് ചിത്രകാരന്മാർ. സാഹിത്യത്തിൽ ഒ.വി.വിജയനും കാക്കനാടനുമൊക്കെ താന്ത്രികപാരമ്പര്യത്തെ സാഹിത്യത്തിന്റെ ദാർശനികാവസ്ഥയിലേക്ക് പരാവർത്തനം ചെയ്തിട്ടുണ്ട്. വായിച്ചറിഞ്ഞ് അനുഭവിക്കുന്നതിൽ നിന്നും ഒരു പടികൂടി ഉയർന്ന് ദൃശ്യാനുഭവത്തിന്റെ അനന്തസീമകൾ മറികടക്കാനും ആത്മീയാനുഭവത്തെ സ്വാംശീകരിക്കാനും താന്ത്രിക്ചിത്രങ്ങൾക്ക് കഴിയുമെന്നാണ് ചിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. പ്രാചീനസംഹിതകളെ ആധുനികതയുമായി വിളക്കിച്ചേർക്കാനും പുനഃസൃഷ്ടിക്കാനും താന്ത്രിക് ചിത്രങ്ങൾക്ക് കഴിയുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. ആനന്ദ.കെ.കുമാരസ്വാമി, ഭാരതീയകലയ്ക്ക് ഒരാമുഖം, വിവ. ഡോ.ശ്രീദേവി.കെ.നായർ, റെയിൻബോ ബുക്സ്, 2007.
2. നാലപ്പാട്ട് നാരായണമേനോൻ, ആർഷജ്ഞാനം, മാതൃഭൂമി ബുക്സ്, 2010.
3. സ്മിതാഗോപാൽ, ആധുനികതയുടെ ഘടകങ്ങൾ ചിത്രകലയിലും നോവലിലും, കേരളസർവ്വകലാശാല 2009.
4. വിജയകുമാർമേനോൻ, ഭാരതീയകലാ ചരിത്രം, കേരളസാഹിത്യ അക്കാദമി, 2011.